**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1803** **20-06-2024 - ൽ മറുപടിയ്ക്ക്**

**ഡോ.സിസാ തോമസിനെതിരെയുള്ള അച്ചടക്ക നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്** | | **ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സാങ്കേതിക സർവകലാശാലയിലെ വി.സി. ആയിരുന്ന ഡോ.സിസാ തോമസ് എന്നാണ് സർവ്വീസിൽനിന്നും വിരമിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | 31.03.2023 ൽ ആണ് സാങ്കേതിക സർവ്വകാലാശാല വി.സി ആയിരുന്ന ഡോ. സിസ തോമസ് സർവ്വീസിൽ നിന്നും വിരമിച്ചത്. |
| (ബി) | ഡോ.സിസാ തോമസിനെതിരെ സർക്കാർ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും പ്രസ്തുത നടപടി തുടരുന്നുണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) | സർക്കാർ അനുമതി കൂടാതെ സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലറുടെ അധിക ചാർജ് ഏറ്റെടുത്തതിനാൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ സീനിയർ ജോയിന്റ് ഡയറക്ടർ (ഇസിഎസ്) ആയി ജോലി നോക്കിയിരുന്ന ഡോ. സിസ തോമസിനെതിരെ സർക്കാർ അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത അച്ചടക്ക നടപടി ഹൈക്കോടതി ഡിവിഷൻ ബഞ്ച് 30.03.2023 തീയതിയിലെ OA.435/23 എന്ന ഉത്തരവിലൂടെ റദ്ദാക്കിയിരുന്നു. അതിനെതിരെ സർക്കാർ ബഹു. സുപ്രീം കോടതിയിൽ SLP Diary No.5101/2024 ആയി ഫയൽ ചെയ്യുകയും ആയതിന്റെ അപ്പീൽ തീർപ്പാക്കി 05/03/2024 ൽ ഉത്തരവായിട്ടുള്ളതുമാണ്. ബഹു. സുപ്രീം കോടതിയിൽ അപ്പീൽ തീർപ്പാക്കി 05/03/2024 ൽ ഉത്തരവായെങ്കിലും ആയതിന് റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത അച്ചടക്ക നടപടി ഹൈക്കോടതി ഡിവിഷൻ ബെഞ്ച് റദ്ദാക്കിയിരുന്നോയെന്നും അതിനെതിരെ സർക്കാർ ബഹു. സുപ്രീംകോടതിയിൽ അപ്പീൽ നല്കിയിരുന്നോയെന്നും വ്യക്തമാക്കുമോ; | (സി) | സർക്കാർ അനുമതി കൂടാതെ സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലറുടെ അധിക ചാർജ് ഏറ്റെടുത്തതിനാൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ സീനിയർ ജോയിന്റ് ഡയറക്ടർ (ഇസിഎസ്) ആയി ജോലി നോക്കിയിരുന്ന ഡോ. സിസ തോമസിനെതിരെ സർക്കാർ അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത അച്ചടക്ക നടപടി ഹൈക്കോടതി ഡിവിഷൻ ബഞ്ച് 30.03.2023 തീയതിയിലെ OA.435/23 എന്ന ഉത്തരവിലൂടെ റദ്ദാക്കിയിരുന്നു. അതിനെതിരെ സർക്കാർ ബഹു. സുപ്രീം കോടതിയിൽ SLP Diary No.5101/2024 ആയി ഫയൽ ചെയ്യുകയും ആയതിന്റെ അപ്പീൽ |

| | | | |
|---|---|---|---|
| | | | തീർപ്പാക്കി 05/03/2024 ൽ ഉത്തരവായിട്ടുള്ളതുമാണ്. ബഹു. സുപ്രീം കോടതിയിൽ അപ്പീൽ തീർപ്പാക്കി 05/03/2024 ൽ ഉത്തരവായെങ്കിലും ആയതിന് റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ഡോ.സിസാ തോമസിന് പെൻഷൻ അനുവദിച്ചിട്ടുണ്ടോ; അനുവദിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ? | (ഡി) | ഡോ.സിസാ തോമസിനെതിരെയുള്ള അച്ചടക്ക നടപടി പൂർത്തിയായിട്ടില്ലാത്തതിനാലും പെൻഷൻ അപേക്ഷയിന്മേൽ 04.05.2019 തീയതിയിലെ സ.ഉ. (അച്ചടി) നം. 55/2019/ധന., 04/07/2022 തീയതിയിലെ സ.ഉ. (അച്ചടി) നം.82/2022/ധന. എന്നീ ഉത്തരവുകൾ പ്രകാരം പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയത് പ്രകാരം പ്രൊവിഷണൽ പെൻഷൻ അനുവദിച്ചിട്ടുണ്ട്. ബഹു. സുപ്രീം കോടതിയിൽ 05/03/2024 ലെ Diary No.5101/2024 ആയി ഫയൽ ചെയ്ത SLP ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത റിവ്യൂ പെറ്റീഷനിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മുഴുവൻ പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ